നഗര ഗ്രാമാസൂത്രണ വകുപ്പ്
ജില്ലാ നഗര ഗ്രാമാസൂത്രണ കാര്യാലയം, വയനാട്
നടപടിക്രമം

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട് – അമ്പലവയൽ ഗ്രാമപഞ്ചായത്ത് – തോമാട്ടുചാൽ വില്ലേജിൽ സർവ്വേ നമ്പർ 190/484, 483, 418, 416, 481, 480, 477 ൽ ഓഡിറ്റോറിയം/ ഡോർമിറ്ററി കെട്ടിട നിർമ്മാണം – ലേഔട്ട് അനുമതി സംബന്ധിച്ച് .

സൂചന : അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26-02-20 തീയതിയിലെ എ 4-11977/19 നമ്പർ കത്ത്.

ഉത്തരവ് നമ്പർ TCPWYD/75/2020-C തീയതി: 28/03/2020

അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ തോമാട്ടുചാൽ വില്ലേജിൽ സർവ്വേ നമ്പർ **190/484, 483, 418, 416, 481, 480, 477** ൽ പ്പെട്ട **1.6009** ഹെക്ടർ വിസ്തൃതിയുള്ള സ്ഥലത്ത് ആകെ **6220.01 ച.മി** വരുന്ന മൂന്ന് കെട്ടിടങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുന്ന രണ്ട് നിലകളും സ്റ്റെയർ ക്യാബിൻ സഹിതം 997.82 ച.മീറ്ററും, മൂന്ന് നിലകളും സ്റ്റെയർ ക്യാബിൻ സഹിതം 2403.23 ച.മീറ്റർ വരുന്ന റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടവും, രണ്ട് നിലകളും സ്റ്റെയർ ക്യാബിൻ സഹിതം 2819.02 ച.മീറ്റർ വരുന്ന സമ്മേളന കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടവും **(F.A.R=0.38** ഉം **Covarege=16.91%)** നിർമ്മിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയിൽ ലേ -ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം KPBR 2011 ലെയും അനുബന്ധ നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , അതിരളവുകൾ, സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രെട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
3. സൈറ്റ് പ്ലാൻ പ്രകാരം പാർക്കിംഗിനായി അടയാളപ്പെടുത്തിയ സ്ഥലങ്ങൾ ആയതിന് അനുയോജ്യമായ വിധം രൂപപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർമ്മാണത്തോട് അനുബന്ധിച്ച് മണ്ണ് കുഴിച്ചുമാറ്റുകയോ ഫില്ല് ചെയ്യുകയോ ചെയ്തിട്ടുള്ളിടത്ത് ആവശ്യമായ സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .
5. നിർമ്മാണത്തോട് അനുബന്ധിച്ച് മലിനജല സംഭരണം, സംസ്കരണം, പുനരുപയോഗം എന്നിവയ്ക്ക് ക്രമീകരണങ്ങൾ ചെയ്തിരിക്കേണ്ടതാണ്
6. solar assisted water heating and lighting arrangements ഏർപ്പെടുത്തേണ്ടതാണ്.
7. നിർമ്മാണത്തോട് അനുബന്ധിച്ച് ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

8. toilet ന്റെ കാർപെറ്റ് ഏരിയ 2.20 ച. മീറ്ററിൽ കുറയാൻ പാടില്ലാത്തതാണ്.
9. നിർമ്മാണത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ഫയർ ഫോഴ്സ്, എന്നിവരിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കേണ്ടതാണ്.
10. ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.
11. നിർമ്മാണ സ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കേണ്ടതാണ്.
12. നിർമ്മാണ സ്ഥലത്തേക്കുള്ള വഴിയുടെ സ്ലോപ്പ് 1 in 8 ൽ കൂടാൻ പാടുള്ളതല്ല.

അംഗീകരിച്ച സൈറ്റ് പ്ലാൻ 01/2020 നമ്പറായി ചേർത്ത് ഇതോടൊന്നിച്ച് അയക്കുന്നു.

Note: ഈ ഉത്തരവ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിട നിർമ്മാണത്തിന് മുമ്പായി അമ്പലവയൽ ഗ്രാമപഞ്ചായത്ത് അധികാരികളിൽ നിന്നുള്ള കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കേണ്ടതാണ്.

RAMACHANDRAN A
TOWN PLANNER

സ്വീകർത്താവ് :

സെക്രട്ടറി
അമ്പലവയൽ ഗ്രാമപഞ്ചായത്ത്

പകർപ്പ് :

1. ശ്രീ. അബ്ദുൾ ഗഫൂർ,
   വടക്കേടൻ ഹൌസ്
   അമ്പലവയൽ
2. അധികം